**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6236** **10-11-2021 - ൽ മറുപടിയ്ക്ക്**

**പൊതുമരാമത്ത് കരാറുകാർക്ക് റേറ്റിംഗ് സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ഏറ്റെടുക്കുന്ന പ്രവൃത്തികൾ ഗുണനിലവാരത്തോട്ടുകൂടി സമയബന്ധിതമായി പൂർത്തീകരിക്കുന്ന കരാറുകാർക്ക് റേറ്റിംഗ് ഏർപ്പെടുത്തിയും പ്രത്യേക ക്ലാസിഫിക്കേഷൻ നൽകിയും ടെണ്ടർ നടപടികളിൽ പ്രത്യേക പരിഗണന നൽകാൻ കഴിയുന്ന വിധത്തിൽ നിലവിലെ നിയമങ്ങളിൽ മാറ്റം വരുത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; | (എ) | പൊതുമരാമത്ത് പ്രവൃത്തികളിൽ പൂർത്തീകരിച്ച പ്രവൃത്തികളുടെ അടങ്കൽ തുക, financial capability, മറ്റ് ബന്ധപ്പെട്ട രേഖകൾ എന്നിവ വിലയിരുത്തി എ, ബി, സി, ഡി എന്നീ ക്ലാസുകളിലായി തരംതിരിച്ചാണ് കരാറുകാർക്ക് ലൈസൻസ് നൽകുന്നത്. ഏറ്റെടുക്കുന്ന പ്രവൃത്തികൾ ഗുണനിലവാരത്തോടുകൂടി സമയബന്ധിതമായി പൂർത്തീകരിക്കുന്ന കരാറുകാർക്ക് റേറ്റിംഗ് ഏർപ്പെടുത്തുന്നത് പരിശോധിക്കുന്നതാണ്. |
| (ബി) | ഏറ്റെടുക്കുന്ന പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാത്ത കരാറുകാരുടെ ലൈസൻസ് എളുപ്പത്തിൽ പിൻവലിക്കാൻ കഴിയുന്ന തരത്തിൽ നിലവിലെ നിയമങ്ങളിൽ മാറ്റം വരുത്താൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ബി) | മതിയായ കാരണങ്ങൾ ഇല്ലാതെ പ്രവൃത്തികൾ പൂർത്തീകരിക്കാത്ത കരാറുകർക്ക് പിഴയോട്ടുകൂടി കാലാവധി ദീർഘിപ്പിച്ചു നൽകാറുണ്ട്. എന്നാൽ ഈ കാലയളവിൽ പ്രവൃത്തി പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചില്ലായെങ്കിൽ കരാറുകാരനെ റിസ്ക് & കോസ്റ്റ്-ൽ ഒഴിവാക്കുന്നതിനും പ്രവൃത്തി റീ-ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. കൂടാതെ പൊതുമരാമത്ത് മാനുവൽ, standard bid document എന്നിവയിലെ നിബന്ധനകൾ പ്രകാരം കരാറുകാരനെ കരിമ്പട്ടികയിൽ ഉൾപ്പെടുത്താനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. നിലവിലെ നിയമങ്ങളിൽ മാറ്റം വരുത്തുന്നത് സർക്കാർ പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ